

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മതിലകം ബ്ലോക്ക് പഞ്ചായത്ത്

2018-19

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.2)138/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ –680 020.
e-mail-id :dotsr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി :05.06.2020

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മതിലകം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മതിലകം ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം21(1(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :-
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.2)138/2020 തിയ്യതി.05.06.2020

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 01-4-2018 മുതൽ 31-3-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ.രാജഗോപാലൻ സി. ജോയിന്റ് ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	12.12.2019 മുതൽ 21.12.2019 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ. ശിവൻ പി.എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
	ശ്രീ. സിനിലാൽ എം.ജി, അസി.ഓഡിറ്റ് ഓഫീസർ
	ശ്രീമതി. നിജു സി.എസ്, ഓഡിറ്റർ

നിർവ്വഹണ അധികാരികൾ

പ്രസിഡന്റ്	ശ്രീ.കെ.കെ.ആബീദലി	01.04.2018 മുതൽ 31.03.2019 വരെ
സെക്രട്ടറി	ശ്രീമതി.വിനീത സോമൻ.എം	01.04.2018 മുതൽ 31.03.2019 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	ശ്രീ.മന്മഥൻ.പി.സി	01.04.2018 മുതൽ 31.03.2019 വരെ
അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീമതി.ബിന്ദു.കെ.സി	01.04.2018 മുതൽ 31.03.2019 വരെ
സൂപ്രണ്ട്, സി.എച്ച്.സി, പെരിഞ്ഞനം	ശ്രീ.സാന്ദ.എം.പരമേശ്വരൻ	01.04.2018 മുതൽ 31.03.2019 വരെ
സി.ഡി.പി.ഒ, മതിലകം	ശ്രീമതി.സുമം.കെ.ആർ	01.04.2018 മുതൽ 31.03.2019വരെ
എസ്.സി.ഡി.ഒ,	ശ്രീ.ഗിരീഷ് കുമാർ.പി	01.04.2018

മതിലകം		മുതൽ 31.03.2019 വരെ
അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, മതിലകം	ശ്രീ. ശശിമേനോൻ (അധിക ചുമതല)	01.04.18
	ശ്രീ.മുഹമ്മദ് ഇസ്മയിൽ.എം.എച്ച്	02.04.2018മുതൽ 28.02.2019 FN വരെ
	ശ്രിമതി.ജയശ്രീ.ടി.വി (അധിക ചുമതല)	28.02.2019 AN മുതൽ 12.03.2019 FN വരെ
	ശ്രിമതി.ജ്യോതി.പി.ബിന്ദു	12.03.2019 AN മുതൽ 31.03.2019 വരെ
ക്ഷീര വികസന ഓഫീസർ, മതിലകം	ശ്രീ.ഐ.വിധു വർക്കി	01.04.2018 മുതൽ 31.03.2019 വരെ
ഐ.ഇ.ഒ.	ശ്രീമതി.ജിനി.പി.ജി.	01.04.2018 മുതൽ 31.03.2019വരെ

<u>ഉള്ളടക്കം</u>

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ
1	ധനകാര്യ അവലോകനം	1-1
2	ആഭ്യന്തരനിയന്ത്രണം	1-2
3	വാർഷിക കണക്കിലെ അപാകതകൾ	1-3
4	തനതു വരുമാനങ്ങൾ സാംഖ്യയിൽ അതതു ദിവസം എൻട്രി വരുത്താതെ ബാങ്ക് ബുക്കിലൂടെ അഡ്ജസ്റ്റ് ചെയ്യുന്നു	1-4
5	വാടക കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.	1-5
6	എസ്.ജി.എസ്.വൈ. മൂന്നുപീടിക ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ബ്ലോക്കിനു ഉടമസ്ഥവകാശമില്ല-കരാറടിസ്ഥാനത്തിൽ വാടകക്ക് നൽകാൻ സാധിക്കാത്തതിനാൽ വരുമാന നഷ്ടം	1-6

7	ലേലം കുറവ് തുക ഈടാക്കി	1-7
8	അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ	1-8
9	സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതി അപാകതകൾ	1-9
10	മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നടപ്പാക്കിയ പദ്ധതികൾ -അപാകതകൾ	1-10
11	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	1-11
12	മരാമത്ത് പ്രവൃത്തികളുടെ നിർവഹണം	1-12
13	പുതിയകാവ് മരപ്പാലം റോഡ് -എറിയാട് ഗ്രാമപഞ്ചായത്തിന് പ്രയോജനം ലഭിച്ചിട്ടില്ല	1-13
14	വേക്കോട് ഇൻഡസ്ട്രിയൽ കെട്ടിടങ്ങൾ ഉപയുക്തമാക്കേണ്ടതാണ്	1-14
15	ആഗ്രോ സർവീസ് സെന്ററിന് വേണ്ടി സംഭരണശാലനിർമാണം-പാരപ്പറ്റ് പണി പൂർത്തീകരിച്ചിട്ടില്ല	1-15
16	ക്ഷീരവികസനഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ-വിനിയോഗവിവരം, തിരിച്ചടച്ചതിന്റെ വിവരം എന്നിവ ഇല്ല	1-16
17	കന്നുകുട്ടിപരിപാലനം-വിനിയോഗവിവരം ലഭ്യമായിട്ടില്ല	1-17
18	സെൻട്രലി സ്പോൺസേഡ് സ്കീം	1-18
19	വൃദ്ധസദനം പോലീസ് സ്റ്റേഷനായി പ്രവർത്തിക്കാൻ തുടർച്ചാനുമതി	1-19
ഭാഗം 2		
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ-ഇല്ല		
ഭാഗം 3		
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ-ഇല്ല		
ഭാഗം 4		
20	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
21	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-2

22	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
23	വായ്പ/വായ്പ തിരിച്ചടവ്	4-4
24	സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്	4-5
25	ഓഡിറ്റ് റിക്കവറി	4-6
26	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
27	ഓഡിറ്റ് പ്രത്യവലോകനം	4-8
28	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-9
29	ഓഡിറ്റ് സാക്ഷ്യപത്രം	അനുബന്ധം-1
30	ഓഡിറ്റ് സംക്ഷിപ്തം	അനുബന്ധം-2

ഭാഗം -1
ഓഡിറ്റ് റിപ്പോർട്ട്

1-1 ധനകാര്യ അവലോകനം

1) ബജറ്റ്

23.03.2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം കരട് ബജറ്റ് അംഗീകരിച്ചു

അതു പ്രകാരം പ്രതീക്ഷിത വരവ് 52,94,08,581/- രൂപയും (മുന്നിരുപ്പ് ഉൾപ്പെടെ) പ്രതീക്ഷിത ചെലവ് 52,66,32,385/- രൂപയും ആണ്. ബജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ യഥാർത്ഥ വരവു ചെലവുകലളുമായി വളരെയേറെ അന്തരം പുലർത്തുന്നു. മുൻകാല വരവു ചെലവു കണക്കുകൾ താരതമ്യം ചെയ്ത് കൂറ്റമറ്റതാക്കുവാൻ ബജറ്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്. മാത്രമല്ല തൻവർഷ യഥാർത്ഥ വരവ് -8,95,42,471/- രൂപയും ചെലവ് 9,52,71,944/- രൂപയും ആണ്. വരവിനേക്കാൾ 57,29,473/- രൂപ ചെലവ് അധികരിച്ചിരിക്കുന്നു.

2) സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	3,60,39,487
വരവ്	8,95,42,471
ആകെ	12,55,81,958
ചെലവ്	9,52,71,944
നീക്കിയിരിപ്പ്	3,03,10,014.

3)ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	ബാക്കി/ ലാപ്സായ തുക
വികസന ഫണ്ട്					
ജനറൽ (ACR പ്രകാരം)	0	43166000	43166000	41126741	2039259
വികസന ഫണ്ട് എസ്.സി.പി. (ACRപ്രകാരം)	0	18814000	18814000	18814000	0
വികസന ഫണ്ട് ടി.എസ്.പി. (ACR പ്രകാരം)	0	394000	394000	0	394000
മെയിൻറനൻസ് നോൺ റോഡ് . (ACR പ്രകാരം)	0	5121000	5121000	5121000	0
സാക്ഷരത	132678	5113	137791	0	137791
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ					
ഐ.എ.വൈ	0	0	0	0	0
ടി.എസ്.സി	2273986	81895	2355881	4480	2351401
ഐ.എ.വൈ അഡ്മിൻ	12348	476	12824	0	12824
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ					
സ്വാഭിമാൻ	136335	5253	141588	0	141588
ഐ.എ.വൈ	465856	17629	483485	17500	465985
ജോയിൻറ് വെഞ്ച്വർ	578000	3867446	4445446	3516075	929371
ഐ.എ.വൈ പ്ലാൻ ഷെയർ	24869285	12109790	36979075	0	36979075
മറ്റുവകകൾ	439168	17832	457000	0	457000
പ്ലാൻ അക്കൗണ്ട് കൊടുങ്ങല്ലൂർ	780397	25294	805691	0	805691
പ്ലാൻ അക്കൗണ്ട് മതിലകം	2804035	0	2804035	0	2804035
ആർ.ഐ.ഡി.എഫ്	100	0	100	0	100
തനത് ഫണ്ട് (ബാങ്ക് അക്കൗണ്ട്)	2771080	2145118	4916198	1629339	3286859

തനത് ഫണ്ട് (ട്രഷറി അക്കൗണ്ട്)	776018	5812279	6588297	5309896	1278401

4) പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
133	90511766	81	67064542	34	18	61%

5) വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2018-19	20.8.2019	കെ.എസ്.എ.ടി.എസ്.ആർ (BP-2)1322/19, തീ.15.10.19

1-2 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചു എന്നുള്ളത് അഭിനന്ദനീയമാണ്. 2017 ലെ ജോലി വിഭജന ഉത്തരവുപ്രകാരമാണ് സ്ഥാപനത്തിലെ ജീവനക്കാർ നിലവിൽ പ്രവൃത്തിനിർവഹണം നടത്തുന്നത്.

<u>നിലവിലെ പോരായ്മകൾ</u>

1) ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും വളരെയധികം അന്തരമുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകണക്കുകൾ താരതമ്യം ചെയ്ത് വസ്തുതകകളുമായി പൊരുത്തപ്പെടും വിധം ബജറ്റ് തയ്യാറാക്കേണ്ടതാണ്. ബജറ്റ് ചർച്ച ചെയ്തതിന്റെ വിവരങ്ങൾ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

2) വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല. പ്രൊജക്ട് നിർവ്വഹണം ആരംഭിച്ച് കഴിഞ്ഞാൽ ഓരോ വർക്കിംഗ് ഗ്രൂപ്പും അതത് മേഖലയിലെ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതും പ്രവൃത്തിയുടെ ഓരോ ഘട്ടവും വിലയിരുത്തി ഭരണ സമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും റിപ്പോർട്ട് നൽകേണ്ടതുമാണ്. സ്റ്റാന്റിങ്ങ്കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം തുടർച്ചയായി വിലയിരുത്തി ആവശ്യമായ ഇടപെടൽ നടത്തി നിർവ്വഹണ കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ ആ വിധത്തിൽ മോണിറ്ററിംഗ് ഉണ്ടായതായി കാണുന്നില്ല.

3) ബ്ലോക്ക് പഞ്ചായത്തിലേക്കും മറ്റ സ്ഥാപനങ്ങളിലേക്കും ഉപകരണങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും കൃത്യമായി നമ്പറിട്ട് സൂക്ഷിക്കുന്നില്ല.
4) വരവിനങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല.
5) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതുണ്ട്.

6) പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഓരോ മേഖലകളിലെ അവസ്ഥാവിശകലനം നടത്തി തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

1-3 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

2. 2018-19-ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസ പത്രികയും അനുബന്ധ കണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വരവിനം	ഡിമാന്റ് ചേർക്കുന്ന ശീർഷകം	ഡിമാന്റ്	രേഖപ്പെടുത്തിയ തീയ്യതി	വൗച്ചർ
1	കെട്ടിടങ്ങളിൽ നിന്നുള്ള വാടക	130100101-Rent from Building	1488096	31.03.2019	41800053

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ ഇളവ് അനുവദിക്കൽ സാധുത നൽകുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

3. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18)	31/03/2019-ലെ ലെഡ്ജർ ബാക്കി
280200101 – rent from buildings	(274528)
280600401 – recovery of unutilized grants from government	(73040)

4. വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-12 –Investments- Equity shares എന്നയിനത്തിൽ 201698/- രൂപ രേഖപ്പെടുത്തി കാണുന്നു. എന്നാൽ യഥാർത്ഥത്തിൽ ഇത്തരത്തിൽ ഒരു ഇൻവെസ്റ്റ്മെന്റ് സ്ഥാപനത്തിൽ ഇല്ല എന്നാണ് സ്ഥാപനം വാക്കാൽ മറുപടി നൽകിയത്. വാർഷിക കണക്കിലെ ഈ രേഖപ്പെടുത്തൽ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

6. വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 57,29,473/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (3659443) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

7. വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-18 പട്ടിക പ്രകാരം താഴെ കാണും പ്രകാരം തുക അഡ്വാൻസ് ക്രമീകരിക്കാനുള്ളതായി കാണുന്നു. എന്നാൽ ഇതു സംബന്ധിച്ച രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.

ഹെഡ്	തുക
460100103 – Temporary advance for Official	161059

purpose	
460500501 – Advance to Implementing officers	183648
460600101 – Electricity deposits	444

ഇക്കാര്യത്തിൽ മറുപടി നൽകേണ്ടതാണ്.

8. വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-17ൽ കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ഇൻഡ്യൻ ബാങ്ക് അക്കൗണ്ട് നം. 512094578 പ്രകാരം 805691/- രൂപയാണ് നീക്കിയിരുപ്പുള്ളത്. ഇത് ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടാണ്. കാഷ് ബുക്കിൽ ഇതേ തുകയാണ് ബാങ്ക് നീക്കിയിരുപ്പായി കാണിച്ചിട്ടുള്ളത്. പാസ് ബുക്ക് പരിശോധിച്ചപ്പോൾ 812644/- രൂപയാണ് യഥാർത്ഥ നീക്കിയിരുപ്പ്. ആയത് ക്രമീകരിക്കേണ്ടതാണ്.

കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് നിലവിലുണ്ടായിരുന്ന സമയത്ത് പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച തുകയും, പൂരക പോഷകാഹാരമിനത്തിൽ കേന്ദ്രവിഹിതമായി ലഭിച്ച തുകയും ഉൾപ്പെടുന്നതാണ് മേൽ സംഖ്യ എന്ന് ബ്ലോക്ക് പഞ്ചായത്ത് അറിയിക്കുകയുണ്ടായി. ആയതിനാൽ തുകകൾ ഇനം തിരിച്ച് പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ മറുപടി നൽകേണ്ടതാണ്.

9. വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-15 പ്രകാരം വാടക തൻവർഷം (851519), കുടിശ്ശിക (111955) എന്നിങ്ങനെയിനങ്ങളിൽ ആകെ 963474/- രൂപ പിരിഞ്ഞു കിട്ടാനുള്ളതായി കാണുന്നു. എന്നാൽ തൻവർഷം, കുടിശ്ശിക എന്നിവയുടെ ഡി.സി.ബി. ശരിയായ വിധത്തിൽ തയ്യാറാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. കുടിശ്ശിക സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

10. വാർഷിക കണക്ക് ഇൻകം & എക്സ്പെൻഡിച്ചർ പട്ടിക I-5(b) പ്രകാരം 169987/- രൂപ ടെണ്ടർ ഫോറം സെയിൽ, ലേലം എന്നിങ്ങനെ ഇനങ്ങളിൽ ലഭിച്ച തുകയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചതായി കാണുന്നില്ല.

11. ബാലൻസ് ഷീറ്റ് ബി-11 പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള Accumulated Depreciation ഇനത്തിലുള്ള തുകകൾ ബന്ധപ്പെട്ട വർക്ക് ഷീറ്റുകളുമായി പൊരുത്തപ്പെടുന്നില്ല.

12. ബാലൻസ് ഷീറ്റ് ബി-7 പ്രകാരമുള്ള നിക്ഷേപ തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

1-4 തനതു വരുമാനങ്ങൾ സാംഖ്യയിൽ അതതു ദിവസം എൻട്രി വരുത്താതെ പിന്നീട് ബാങ്ക് ബുക്കിലൂടെ അഡ്ജസ്റ്റ് ചെയ്യുന്നു-മറ്റു അപാകതകൾ

2018-19 വർഷത്തിലെ ലേലം, വാടക എന്നീ തനതുവരവിനങ്ങളുടെ പരിശോധനയിൽ വരവ് കളക്ഷൻ ബാങ്കിൽ നേരിട്ട് അടവാക്കുന്നുണ്ടെങ്കിലും അതതു ദിവസങ്ങളിൽ സാംഖ്യയിൽ ഡേ ബുക്ക് കളക്ഷനായി എൻട്രി വരുത്താത്തതായി ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

a) ബ്ളോക്ക് പഞ്ചായത്ത് നടത്തിയ ജീപ്പ് ലേലത്തിൽ ലേലത്തുകയായ 89000/- ൽ 52510/- രൂപ മാത്രമെ സാംഖ്യ രസീതു പ്രകാരം കളക്ഷൻ നടത്തിയിട്ടുള്ളൂ. ബാക്കി തുകയായ 36490/- രൂപ ഇ.എം.ഡി യടക്കം ബാങ്കിൽ 30.06.18 നു cash ആയി അടവാക്കിയെങ്കിലും സാംഖ്യ രസീത് ആക്കിയില്ല. അന്നേ ദിവസത്തെ കാഷ്ബുക്കിലും രേഖപ്പെടുത്തിയില്ല. പിന്നീട് സാംഖ്യ ബാങ്ക് ബുക്കിൽ 'R'എൻട്രി ആയി രേഖപ്പെടുത്തി ബാങ്ക് പാസ്സ്ബുക്കുമായി റികൺസീലിയേറ്റ് ചെയ്തു. ലേല തുക കൺസോളിഡേറ്റ് ഫണ്ടിലേക്ക് ചലാൻ പ്രകാരം തിരിച്ചടവാക്കിയിട്ടുണ്ട്.

b) കമറുദ്ദീൻ ഇടവഴിക്കൽ എന്ന വ്യക്തി 25.05.18ൽ നടന്ന അലൂമിനിയം ഷീറ്റ് ലേലത്തിൽ അടവാക്കിയ 53750/- രൂപയിൽ EMD 1000/- രൂപ അടക്കം 17000/- രൂപ മാത്രമെ ഡേ ബുക്കിൽ രസീത് ആയി ചേർത്തിട്ടുള്ളൂ. ബാക്കി തുക 36750/- രൂപ 28.05.18 ൽ ബാങ്കിൽ നേരിട്ട് നിക്ഷേപിച്ചു (36750/- രൂപ സാംഖ്യയിൽ ലേലം വരവായി കാണിച്ചിട്ടില്ല).

c) 26.04.18 ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ആഞ്ഞിലിമര ലേലത്തിൽ ലേലം കൊണ്ട ശ്രീ സഗീർ.പി.എ യിൽ നിന്ന് ഈടാക്കിയ 8384/- രൂപയും ഇപ്രകാരം സാംഖ്യ ക്യാഷ് രസീതിയാക്കാതെ 22.06.18 ൽ ബാങ്കിൽ അടവാക്കി.

ഇത്തരത്തിൽ അപാകതകൾ നിരവധി സംഭവിക്കുന്നതിനാൽ പല വരവുകളും ഡെപ്പോസിറ്റിൽ നിന്നു മുതൽ കൂട്ടാതെ ബാധ്യതയായി കിടക്കുന്നുണ്ട്.

d) വാടകയിനത്തിൽ RP 43 പ്രകാരം കറന്റ് കളക്ഷൻ 636577/- രൂപയും അരിയർകളക്ഷൻ 359168/- രൂപയും വന്നിട്ടുണ്ട്. ആകെ വാടക വരവിൽ ഇത്രയും തുക സാംഖ്യ ക്യാഷ് രസീതിയായി അടവാക്കിയിട്ടില്ല.

വരവിനങ്ങൾ ഡേ ബുക്ക് പ്രകാരം അതതു ദിവസങ്ങളിൽ തന്നെ കളക്ഷൻ ഉറപ്പു വരുത്തേണ്ടതും അതാതു ശീർഷകങ്ങളിൽ തന്നെ അടവാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

<u>മറ്റു അപാകതകൾ</u>

വരവ് കണക്കുകൾ കൃത്യമാക്കി വെക്കുന്നതിനു വരവ് സംബന്ധിച്ച് ലേലം രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. വാടക രജിസ്റ്റർ കൃത്യമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. എല്ലാ രജിസ്റ്ററുകളും തയ്യാറാക്കേണ്ടതും കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-5 വാടക കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

ക്രമ നം.	കെട്ടിടത്തിന്റെ പേര്	മുറികളുടെ എണ്ണം	മുറി നം.	കുറിപ്പുകൾ
1	വേക്കോട്	17	2	ശ്രീമതി.സിബി.വി.എ, 20.08.15

	വ്യവസായ കേന്ദ്രം			മുതൽ കുടിശ്ശിക 2,35,594/- രൂപ അടവാക്കാനുണ്ട്.
			4	ശ്രീമതി.സന്ധ്യ ദീലീപൻ, 26.10.09 മുതലുള്ള കുടിശ്ശിക ബാക്കിയും 20.04.13 മുതലുള്ള കുടിശ്ശികയും അടക്കം 4,17,835/- രൂപ അടവാക്കാനുണ്ട്.

വേക്കോട് വ്യവസായ കേന്ദ്രത്തിലെ മുറി നം. 2 ലെ വാടകക്കാരിയായ ശ്രീമതി.സിബി, മുറി നം. 4 ലെ വാടകക്കാരി ശ്രീമതി.സന്ധ്യ ദിലീപൻ എന്നിവർ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക വാടക വർധന നടപ്പാക്കുന്നതിനെതിരെ ബഹു.ഓംബുഡ്സ്മാൻ മുൻപാകെ കേസ് ഫയൽ ചെയ്യുകയും സന്ധ്യാ ദീലീപിന്റെ കേസിൽ 17.01.17 ന് പുറപെടുവിച്ച വിധിയിൽ പഞ്ചായത്ത് കമ്മിറ്റിയോട് ഉചിതമായ തീരുമാനം എടുക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇക്കാര്യത്തിൽ ഇതുവരെ തീരുമാനം എടുത്തതൊന്നും നടപ്പിലാക്കിയിട്ടില്ല (4% ബാങ്ക് പലിശ എന്നയിളവിലൂടെ കുടിശ്ശിക പുനർ നിർണ്ണയിച്ചു. എന്നാൽ RR നടപടിക്കായി ജില്ലാ കളക്ടർക്ക് ശുപാർശ ചെയ്യുകയോ ടി വ്യക്തിയിൽ നിന്ന് റിക്കവറി ഈടാക്കുകയോ ചെയ്തിട്ടില്ല). മുറി നം. 2 എറ്റെടുത്തതുപോലെ മുറി നം. 4 ഉം എറ്റെടുത്ത് അറ്റകുറ്റപണികൾ നടത്തി അംഗീകൃത ബൈലോ പ്രകാരം ലേലം നടത്തി വാടകക്ക് നൽകേണ്ടതാണ്. കൂടാതെ ഇരുമുറികളുടെയും വാടകകുടിശ്ശികക്ക് RR നടപടി ത്വരിതപ്പെടുത്തേണ്ടതുമാണ്

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് ഗുണഭോക്താക്കളുമായി കരാറിലേർപെട്ടിട്ടുണ്ട്. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്മൊഴിയലും) ചട്ടങ്ങൾ ചട്ടം 7(1) പ്രകാരം പഞ്ചായത്തിന്റെ സ്വന്തമായ വസ്തുക്കൾ ലൈസൻസിന്മേൽ വാടകയ്ക്കോ പാട്ടത്തിനോ നൽകുമ്പോൾ ഫാറം III പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല. പുതിയ ബൈലോ പ്രകാരം വാടക കരാർ കാലയളവ് മാർച്ച് 31 വരെയായി നിജപ്പെടുത്തേണ്ടതും കെട്ടിടമുറികളുടെ വാടക വാല്യുവേഷൻ നടത്തി നിശ്ചയിക്കേണ്ടതുമാണ്. പുതിയ നിരക്കിൽ കെട്ടിടമുറികൾ അടുത്ത സാമ്പത്തികവർഷാരംഭം മുതൽ ലേലം നടത്തി നൽകാവുന്നതാണ്. വാടക വർദ്ധനവിന് ഏകീകൃത സ്വഭാവം നൽകേണ്ടതാണ്.

<u>വാടക രജിസ്റ്റർ അപാകതകൾ</u>

ഓരോ മാസത്തേയും വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നീ വിവരങ്ങൾ ഉൾപ്പെടേണ്ടുന്ന വാടക ഡി.സി.ബി രജിസ്റ്റർ ആയി എഴുതി സൂക്ഷിക്കുന്നില്ല. 2018-19 ലെ രജിസ്റ്റർ പ്രകാരമുള്ള ഡി.സി.ബി സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല
ധനകാര്യപത്രികയുമായി വാടക രജിസ്റ്റർ പ്രകാരം തൻവർഷം ഡിമാന്റിൽ 33688/- രൂപ കുറവും കളക്ഷനിൽ 2953/- രൂപ കുറവും ബാലൻസിൽ 30735/- രൂപ കുറവും ആണ് രേഖപ്പെടുത്തിയിരിക്കുന്നത് . സെക്യൂരിറ്റി നിക്ഷേപവിവരം (രസീത് നം സഹിതം), GST അടവാക്കിയവിവരം, വാടക വർദ്ധനവ് വിവരം, രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക

ധനകാര്യ പത്രിക പ്രകാരം കഴിഞ്ഞ വർഷത്തെ കറന്റ് ഡിമാന്റ് 6,15,428/- രൂപയും തൻവർഷം 14,88,096/- രൂപയും ആണ്. കെട്ടിടങ്ങളിൽ മാറ്റമില്ലാതെ തന്നെ 872678/- രൂപ ഡിമാന്റിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 8,51,519/- രൂപ B-15 പ്രകാരം കിട്ടാനുള്ള ബാലൻസ് തുകയാണ്. കൂടാതെ കഴിഞ്ഞ വർഷത്തേക്കാൾ 274528/- രൂപ കൂടുതൽ അരിയർ കിട്ടാനുള്ളതായി പ്രയർ പീരീഡ് വഴി ഡിമാന്റ് ഉയർത്തി കാണിച്ചു അരിയർ കളക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിലെ ഓരോ വാടക കെട്ടിടങ്ങളിൽ നിന്നുമുള്ള അരിയർ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ രജിസ്റ്ററിൽ എഴുതിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല, ആയതിനാൽ വാടക സെക്യൂരിറ്റി നിക്ഷേപം അതിനാൽ പരിശോധിക്കാനായിട്ടില്ല.

അപാകതകൾക്ക് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

(ഓഡിറ്റ് അന്വേഷണം 2/11.12.2019 നു നൽകിയ മറുപടി തൃപ്തികരമല്ല)

1-6 എസ്.ജി.എസ്.വൈ മൂന്നുപീടിക ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ബ്ലോക്കിനു ഉടമസ്ഥവകാശമില്ല- കരാടിസ്ഥാനത്തിൽ വാടകക്ക് നൽകാൻ സാധിക്കാത്തതിനാൽ വരുമാന നഷ്ടം

പെരിഞ്ഞനം ഗ്രാമപഞ്ചായത്തിൽ എസ്.ജി.എസ്.വൈ പദ്ധതി പ്രകാരം പെരിഞ്ഞനം ഗ്രാമപഞ്ചായത്തുമായി കരാർ വെക്കാതെ 2005 ൽ ബ്ളോക്ക് പണികഴിപ്പിച്ച മൂന്നുപീടിക ഷോപ്പിംഗ് കോംപ്ലക്സിലെ 11 കടമുറികളിൽ 2011-2013 കാലയളവു വരെ മുറികൾ വിവിധ സ്വയം സഹായ സംഘം, കുടംബശ്രീ യൂണിറ്റുകൾ എന്നിവക്ക് കരാർ ചമച്ച് വാടകക്ക് നൽകിയിരുന്നു. നിലവിൽ കെട്ടിടമുറികളിൽ 253, 260 നമ്പർ മുറികൾ മാത്രമാണ് വാടകക്കരാർ പുതുക്കാതെ 5% വാർഷിക വർദ്ധനവിൽ കുടിശ്ശികയില്ലാതെ വാടക നൽകുന്നത്. 2013 മുതൽ മുറി ഒന്നിനു വാടക വർദ്ധനവ് പരിഗണിക്കാതെ തന്നെ ചുരുങ്ങിയത് 1000/- രൂപ നിശ്ചയിക്കുകയാണെങ്കിൽ 10 കടമുറികളിൽ നിന്നായി ബ്ളോക്കിനു 6 വർഷത്തിനുള്ളിൽ 1000x12x6x10=7,20,000/- രൂപ വരുമാനമുണ്ടാകുമായിരുന്നു. N.H 17 നു അടുത്തുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മറ്റു കടമുറികൾക്ക് ആവശ്യക്കാർ ഉണ്ടെങ്കിലും പഞ്ചായത്തിൽ നിന്നു ഉടമസ്ഥവകാശം ബ്ലോക്കിനു ലഭിക്കാത്തതിനാൽ കരാർ വെക്കാനാവാതെ ലേലത്തിൽ പങ്കെടുത്ത് പണമടവാക്കിയതിനു ശേഷം പിൻമാറുന്നു. (2/2017 ൽ കെട്ടിട നം 4/256 ന് ഇപ്രകാരം 40500/- രൂപ ലേലത്തുക കെട്ടിവെച്ചശേഷം (6750/- പ്രതിമാസ വാടക) വാടകക്ക് പ്രവർത്തിക്കാതെ തന്നെ 9/2018 ൽ 21800371/28.9.18 വൗച്ചർ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ലേലം കൊണ്ടയാൾക്ക് പണം തിരികെ നൽകിയിട്ടുണ്ട്). കെട്ടിടത്തിലെ മറ്റു കടമുറികളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് വാടക അരിയർ, കറന്റ് ഡിമാന്റ് നോട്ടീസ് നൽകുവാൻ ഉടമസ്ഥവകാശം ഇല്ലാത്തിനാൽ

ബ്ലോക്ക് പഞ്ചായത്തിനു സാധ്യമല്ല.
നിലവിൽ ഉടമസ്ഥതയുള്ള മറ്റു ബ്ലോക്ക് കെട്ടിടങ്ങളിൽ നിന്നു തന്നെ വാടകക്കാരിൽ നിന്നു കരാർ വെക്കാതെ 8 ലക്ഷത്തിൽ പരം തുക വാടക കുടിശ്ശിക ഈടാക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. ഈ ഷോപ്പിംഗ് കോംപ്ലക്സിന്റെ നടത്തിപ്പുമായി ഗ്രാമപഞ്ചായത്തുമായി കരാർ വെക്കുകയും വാടക പിരിക്കുന്നതിനു പഞ്ചായത്തിനു അനുമതി നൽകുകയും വർഷത്തിൽ നിശ്ചിത തുക കെട്ടിടം പണിതതിലേക്ക് മുതൽക്കൂട്ടാനായി പഞ്ചായത്തിനോട് കരാറിലൂടെ ആവശ്യപ്പെടാവുന്നതുമാണ്. ഇതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-7 ലേലം കുറവ് തുക ഈടാക്കി

10.12.2018 ൽ നടത്തിയ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ Iron Scrap (1470 kg), Rubber Tier എന്നീ ഇനങ്ങളുടെ ലേലം ശ്രീ.സലീം എറിയാട് എന്ന വ്യക്തി യഥാക്രമം 22500, 150 എന്നീ തുകകളിൽ ലേലം കൈ കൊള്ളുകയും GST തുകയായ 4086/- രൂപയടക്കം 26736/- രൂപയും EMD 500/- രൂപയും അടവാക്കേണ്ടിയിരുന്നു. എന്നാൽ ടിയാൻ 10.12.2018 ൽ EMD 500/- രൂപയും 27.12.2018 ൽ 25286/- രൂപയും മാത്രമേ അടവാക്കിയിട്ടുള്ളൂ. ബാലൻസ് 1450 രൂപ അടവാക്കിയിട്ടില്ല (26736-25286). 500/- രൂപ ഡെപ്പോസിറ്റിൽ നിന്ന് തനതു വരുമാനത്തിലേക്ക് വരവ് വെക്കേണ്ടതും കുറവ് വന്ന 950/- രൂപ ടിയാനിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-8 അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ

അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

<u>1. പ്രോജക്ട് 21/2019- നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി</u>

അടങ്കൽ –1,80,000

ചെലവ് –1,80,000

സംയുക്ത പ്രോജക്ടിന് ഗ്രാമ പഞ്ചായത്തുകൾക്ക് മേൽ പ്രകാരമുള്ള തുക കൈമാറിയിട്ടുണ്ടങ്കിലും താഴെ പറയും പ്രകാരമുള്ള തുകക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഔദ്യോഗിക കൈപ്പറ്റ് രശീതി, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

കൈപ്പറ്റിയ ഗ്രാമപഞ്ചായത്ത്	ബിൽ 334186/18-19 -19.7.18പ്രകാരം തുക	ബിൽ 337617/18-19	339251/18-19 -23.3.19	ആകെ

		-19.7.18 പ്രകാരം തുക	പ്രകാരം തുക	
എടത്തിരുത്തി	1,00,000			1,00,000
എടവിലങ്ങ്		30,000		30,000
മതിലകം		20,000	30,000	50,000
ആകെ	1,00,000	50,000	30,000	1,80,000

കൈപ്പറ്റ് രശീതി, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി ഓഡിറ്റ് വിധേയമാക്കേണ്ടതാണ്.

2. പ്രോജക്ട് 26/2019- പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി

അടങ്കൽ –5,00,000

ചെലവ് –19,720

നേരിട്ടു നിർവ്വഹണം നടത്തിയ പദ്ധതിയിൽ ഗുണഭോക്താക്കളുടെ ബാങ്കിൽ തുക ക്രെഡിറ്റായതിന്റെ സ്റ്റേറ്റ് മെന്റ് /കൈപ്പറ്റ് വിവരം ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	ബിൽ നമ്പർ	തീയതി	തുക	കൈമാറിയതായി കാണിച്ചിട്ടുള്ള സംഘം/പഞ്ചായത്ത്
1.	238347	27.2.2019	5440	പുണ്യഭൂമി സംഘ കൃഷി-എടത്തിരുത്തി
	"	27.2.2019	3400	തലപ്പുറം സംഘ കൃഷി-JLG-എടത്തിരുത്തി
	"	27.2.2019	4080	നാച്ചുറൽ JLG-ശ്രീനാരായണപുരം
2	339255	14.3.19	6800	നൻമ ഗ്രൂപ്പ്-ശ്രീനാരായണപുരം
		ആകെ	19720	

UTR നമ്പർ ലഭ്യമാക്കിയാലും ഗുണഭോക്താക്കളിൽ നിന്നു കൈപ്പറ്റ് വിവരം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

3. പ്രോജക്ട് 135/19- രജിസ്റ്റേഡ് കാർഷികഗ്രൂപ്പുകൾക്ക് കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങൽ (Spill over)

അടങ്കൽ –24699

ചെലവ് –23045

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പദ്ധതി രൂപീകരണ ഫോറം-3 വിശദാംശങ്ങൾ, ടില്ലർ വാങ്ങുന്നതിനായി മതിലകം ഗ്രാമപഞ്ചായത്തിൽ നിന്നുള്ള അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, സംഘത്തിന്റെ അപേക്ഷ, രജിസ്ട്രേഷൻ വിവരം, ബാങ്ക് credit വിവരം, ഉപകരണം കാംകോയിൽ നിന്നു വാങ്ങി സ്റ്റോക്കിലെടുത്ത വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. സംഘത്തിനു കൈവശ അവകാശം നൽകി കൊണ്ടും ബ്ലോക്ക് പഞ്ചായത്തിനു ഉടമസ്ഥ അവകാശം നൽകി കൊണ്ടും ഉപകരണം വാടകക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ

വ്യക്തമാക്കിക്കൊണ്ടും സംഘവുമായി കരാറിൽ എർപ്പെട്ടിട്ടില്ല. കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ബാക്കി തുക തിരിച്ചടവാക്കിയിട്ടുണ്ടോ എന്ന വിവരവും ലഭ്യമാക്കിയിട്ടില്ല. കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ബാക്കി തുക തിരിച്ചടവാക്കിയ വിവരവും , ടി പ്രോജക്ടുമായി ബന്ധപ്പെട്ട മറ്റ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4. പ്രോജക്ട് 25/19- രജിസ്റ്റേഡ് കാർഷികഗ്രൂപ്പുകൾക്ക് കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങൽ (New)

അടങ്കൽ –535683/- (പൊതുവിഭാഗം-ജനറൽ)

ചെലവ് –535683/-

കാർഷിക യന്ത്രസാമഗ്രികൾ വാങ്ങി 90% സബ്സിഡിയിൽ രജിസ്റ്റേഡ് കാർഷിക സംഘങ്ങൾക്കു വിതരണം ചെയ്യുന്നതാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. KAMCO യിൽ നിന്നും ഗാർഡൻ ടില്ലർ B-30 (55597x90/100=50038/-)-4 എണ്ണം, ഗാർഡൻ ടില്ലർ K-40 (58462x90/100=52616/-) -1 എണ്ണം, ഫറോവർ (1416x90/100=1275)-5 എണ്ണം, ബ്രഷ് കട്ടർ-(25606x90/100=23045/-)-12 എണ്ണം-വാങ്ങുന്നതിന് ആണ് സബ്സിഡി തുകയായി KAMCOയുടെ Invoice പ്രകാരം തുക കണക്കാക്കി സംഘങ്ങൾക്ക് കൈമാറിയിരിക്കുന്നത്. സംഘത്തിന്റെ പേരിൽ ആണ് KAMCO Invoice തയ്യാറാക്കിയിരിക്കുന്നത്. ഉപകരണം സംഘം വാങ്ങി സബ്സിഡി അക്കൗണ്ടിൽ അയച്ചു തരുന്നതിനാണ് സംഘങ്ങൾ അപേക്ഷകൾ നൽകിയിരിക്കുന്നത്. മാർഗ്ഗ രേഖയിൽ ഉപകരണത്തിൻ മേൽ സംഘത്തിനു കൈവശ അവകാശവും ബ്ലോക്ക് പഞ്ചായത്തിനു ഉടമസ്ഥ അവകാശവും ആണ് പറഞ്ഞിരിക്കുന്നത്. യന്ത്രങ്ങളുടെ സംരക്ഷണം, അറ്റകുറ്റപ്പണി, പൊതു ആവശ്യത്തിനു മാത്രമെ ഉപയോഗിക്കാവൂ, സ്വകാര്യവ്യക്തികൾ ഈടാക്കുന്നതിനേക്കാൾ 20% കുറഞ്ഞ വാടക നിരക്കിലേ കർഷകർക്കു നൽകാവൂ എന്നീ നിബന്ധനകൾ ഉൾപ്പെടുത്തിയും, ഉപകരണം സംഘത്തിനു സബ്സിഡിയിൽ വാങ്ങി നൽകിയതായും രേഖപ്പെടുത്തി കൊണ്ട് നിർവ്വഹണോദ്യോഗസ്ഥൻ സംഘവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഇപ്രകാരം വാങ്ങി നൽകുമ്പോൾ ഉപഭോക്തൃ വിഹിതം രസീതു ബുക്ക് പ്രകാരം ഈടാക്കി അസി.കൃഷി ഡയറക്ടറുടെ പേരിൽ ആണ് Invoice അടിക്കേണ്ടത്. ഇവിടെ സംഘം ആണ് വാങ്ങിയിരിക്കുന്നത്. വാങ്ങിയതും വാടകക്ക് നൽകുന്നതും സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുന്നതിന് രജിസ്റ്റർ/ഫയൽ സൂക്ഷിച്ചിട്ടില്ല. സബ്സിഡി തുക സംഘങ്ങളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത ബാങ്ക് ക്രെഡിറ്റ് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

ഈ ഇടപാടിലൂടെ ആർജ്ജിച്ച ആസ്തി വാർഷികകണക്കിൽ കൃത്യമായി രേഖപ്പെടുത്തിയോയെന്നത് പരിശോധിക്കുന്നതിന് പേയ്മെന്റ് വൗച്ചറോ, ലെഡ്ജർ അക്കൗണ്ടോ സ്റ്റോക്ക് രജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല.

കാർഷിക യന്ത്രം ഉപയുക്തമാക്കുന്നതു സംബന്ധിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കുന്നതുവരെ 535683/- രൂപ തടസ്സത്തിൽ വെക്കുന്നു.

ക്രമ നം.	ബിൽ നമ്പർ	തീയതി	തുക
1.	780621	21.11.2018	223074
2	892055	10.12.2018	53891

3	238342	27.2.2019	69135
4	238343	27.2.2019	69135
5	238344	27.2.2019	69135
6	339246	14.03.2019	51313
		ആകെ	535683

മേൽ പദ്ധതി പ്രകാരം ടില്ലർ വാങ്ങിയത് പരിശോധിക്കുന്നതിനായി നടത്തിയ ഭൗതിക പരിശോധനയിൽ എടവിലങ്ങ് നോർത്ത് CPS ന് നൽകിയ ടില്ലർ പ്രസിഡണ്ടിന്റെ വീട്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. എന്നാൽ നാളിതുവരെ ടില്ലറുകൾ ഉപയോഗപ്പെടുത്തുകയോ ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. നാളികേര ഉത്പ്പാദക സംഘങ്ങൾക്ക് കുറഞ്ഞ ചെലവിൽ ടില്ലറുകൾ ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നതെങ്കിലും സംഘങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകുക വഴി പദ്ധതി ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല. കർഷകർക്ക് ഉണകരമായ രീതിയിൽ കാർഷിക യന്ത്രങ്ങൾ ഉപയുക്തമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5. പ്രൊജക്ട് 23/19- പ്രാദേശിക കാർഷികോൽപ്പന്ന വിപണനകേന്ദ്രം (New)

അടങ്കൽ –240000/- (പൊതുവിഭാഗം-ജനറൽ)

ചെലവ് –240000/-

കൈപ്പമംഗലം, ശ്രീനാരായണപുരം, പെരിഞ്ഞനം ECO Shop കൾക്ക് വികസനത്തിനാവശ്യമായി ഉപകരണം വാങ്ങിയതിലേക്ക് മേൽ തുക 80000/- രൂപ വീതം കൈമാറി നൽകി. എന്നാൽ തുക കൈമാറിയതിലേക്ക് തുകക്കാനുപാതികമായി വാങ്ങിയ ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച് എഗ്രിമെന്റ് വെക്കുകയോ ബാങ്ക് ക്രെഡിറ്റ് സ്റ്റേറ്റ്മെന്റ്/കൈപ്പറ്റ് വിവരം സംഘങ്ങളിൽ നിന്ന് വാങ്ങി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. പെരിഞ്ഞനം ECO Shop വാടകക്ക് ആണ് പ്രവർത്തിക്കുന്നത്. സംഘത്തിന്റെ രജിസ്ട്രേഷൻ വിവരം, ബാങ്ക് പാസ്സ്ബുക്ക് frontpage പകർപ്പ് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

ക്രമ നം.	ബിൽ നമ്പർ	തീയതി	തുക
1.	641278	15.10.2018	80000-കൈപ്പമംഗലം
2	719772	21.11.2018	80000-ശ്രീനാരായണപുരം
3	838355	27.11.2018	80000-പെരിഞ്ഞനം
		ആകെ	240000

മേൽ പദ്ധതിയിൽ സംഘം നൽകിയ വൗച്ചർ പ്രകാരം 80000/- രൂപക്ക് ഉപകരണങ്ങൾ വാങ്ങിയത് പരിശോധിക്കുന്നതിനായി നടത്തിയ ഭൗതിക പരിശോധനയിൽ ശ്രീനാരായണപുരം ECO Shop ൽ AC വാങ്ങിയത് ഫിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ആ മുറിയിൽ കറന്റ് കണക്ഷൻ എടുത്തിട്ടില്ല. സ്റ്റോക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. പെരിഞ്ഞനം ECO SHOP ലെ ഫാനുകൾ, മിക്സി കണക്ട് ചെയ്യുകയുണ്ടായിട്ടില്ല **പ്രാദേശിക ജൈവ കാർഷികോൽപ്പന്ന** കേന്ദ്രങ്ങളുടെ വികസനത്തിനായി തയ്യാറാക്കിയ പദ്ധതി വേണ്ടത്ര മുന്നൊരുക്കം നടത്താത്തതുമൂലം ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല. എഗ്രിമെന്റ് വെച്ച് മോണിറ്ററിംഗ്

നടത്തി അപാകതകൾ പരിഹരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6. പ്രൊജക്ട് 24/19- തരിശുരഹിത ബ്ളോക്ക്പഞ്ചായത്ത് (New)

അടങ്കൽ – 189317/- (പൊതുവിഭാഗം-ജനറൽ)

ചെലവ് – 19000/

ബിൽ നം. 238346/22.02.19 പ്രകാരം 19000/- രൂപ പിൻവലിച്ച് 15000/- ആമണ്ടൂർ കാർഷിക വികസനസമിതിക്കും (ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്) 4000/- രൂപ അച്ചംപരത്തി നാളികേര ഉത്പാദക സംഘത്തിനും കൈമാറിയിട്ടുണ്ട്. എന്നാൽ ബാങ്ക് ക്രെഡിറ്റ് സ്റ്റേറ്റ്മെന്റ്/ കൈപ്പറ്റ് വിവരം സംഘങ്ങളിൽ നിന്ന് വാങ്ങി സൂക്ഷിച്ചിട്ടില്ല. UTR നം ലഭ്യമാക്കിയാലും കൈപ്പറ്റ് വിവരം ലഭ്യമാക്കേണ്ടതാണ്.

7. പ്രോജക്ട് 27/2019- പുഷ്പകൃഷി സബ്സിഡി

അടങ്കൽ –1,60,000

ചെലവ് –82,240

ബ്ലോക്കിലെ രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ JLG, കുടുംബശ്രീ യൂണിറ്റുകൾക്ക് സെന്റിന് 64 രൂപ നിരക്കിൽ തുക കൈമാറി നൽകിയിട്ടുണ്ട്. UTR നം ഉണ്ടെങ്കിലും തുക കൈപ്പറ്റ് വിവരം ഫയലിൽ ഇല്ല. കൈപ്പറ്റ് വിവരം വാങ്ങി സൂക്ഷിക്കേണ്ടതാണ്. JLG രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളിൽ പൂർണ്ണമായ സാക്ഷ്യപ്പെടുത്തലുകൾ, affliation noഎന്നിവ ഇല്ല. (ഉദാ- സാവരിയ, സവിത JLG-കൈപ്പമംഗലം പഞ്ചായത്ത്). അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-9 സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതി - അപാകതകൾ

I) ഭിന്ന ശേഷിക്കാർക്ക് ടൈ സ്കൂട്ടർ വാങ്ങി നൽകി-ഗുണഭോക്താക്കൾക്ക് നാളിതു വരെ ലൈസൻസ് ലഭിച്ചിട്ടില്ല.

a) ജനറൽ പുതിയ പ്രൊജക്ട് 32/19

അടങ്കൽ –1350000/-

ചെലവ് –1349800/-

ബിൽ നമ്പർ –13/18-19 dt 20.3.2019, തുക –1349800/-
ഗുണഭോക്താക്കളുടെ എണ്ണം –17 (17x79400)
1349800/- രൂപയിൽ ഇൻഷുറൻസ് തുക 22488/- രൂപ അടവാക്കിയത് സംബന്ധിച്ച് പോളിസി രേഖകൾ സൂക്ഷിച്ചിട്ടില്ല.

b) എസ്.സി. സ്പിൽ ഓവർ പ്രൊജക്ട് 22/19
അടങ്കൽ –79400/-

ചെലവു തുക - 79400/-

ബിൽ നമ്പർ –14/18-19 dt 11.3.2019
ഗുണഭോക്താക്കളുടെ എണ്ണം –1

സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ സ്പിൽ ഓവർ, പുതിയ പ്രോജക്ടുകൾ പ്രകാരം 2018-19 വർഷത്തിൽ ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകൽ പദ്ധതിയിലുൾപ്പെടുത്തി ജനറൽ വിഭാഗത്തിന് 17 പേർക്കും എസ്.സി വിഭാഗത്തിന് ഒരാൾക്കും സൈഡ് വീൽ ഘടിപ്പിച്ച ഇരു ചക്രവാഹനങ്ങൾ കെൽട്രോൺ മുഖേന 79400/- രൂപ നിരക്കിൽ വാങ്ങി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട കരാർ പ്രകാരം 6 മാസത്തിനുള്ളിൽ ലൈസൻസ് എടുത്ത് പകർപ്പുകൾ ഹാജരാക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും 5 ഗുണഭോക്താക്കൾ നാളിതുവരെ ലൈസൻസ് ഹാജരാക്കിയിട്ടില്ലാത്തതാണ്. നിയമവിരുദ്ധമായി വാഹനം ഉപയോഗിക്കുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഗുണഭോക്താക്കളുടെ ലൈസൻസ് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഗുണഭോക്താവ്	ഗ്രാമപഞ്ചായത്ത്	കുറിപ്പുകൾ
നൗഷാദ്.പി.എ പഴങ്ങാട്ട് വീട്	പെരിഞ്ഞനം	ഡ്രൈവിംഗ് ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയില്ല
സിദ്ദീഖ് വട്ടപറമ്പിൽ, അഴീക്കോട്	എറിയാട്	ഡ്രൈവിംഗ് ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയില്ല-
അശോകൻ അറക്കപറമ്പിൽ	എറിയാട്	RC ഉണ്ട് ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചിട്ടില്ല
ശ്രീജിത.വി.എം പുളിപ്പറമ്പിൽ	കൈപമംഗലം	ഡ്രൈവിംഗ് ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയില്ല
ശശീന്ദ്രൻ ചെന്നറ (Proj 22/19)	എറിയാട്	ഡ്രൈവിംഗ് ലൈസൻസ്,രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയില്ല-

ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ പദ്ധതികൾ –വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് വിവിധ സംയുക്ത പദ്ധതികളുടെ ബ്ലോക്ക് വിഹിതമായി തുക നൽകിയിട്ടുണ്ടെങ്കിലും തുക പൂർണമായി വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം./പേര്	ഗ്രാമപഞ്ചായത്ത്	ബിൽ നം./ തീയതി	വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തത്
1	2/19 -ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	പെരിഞ്ഞനം	9/18-19/24.7.18	350000 രൂപയിൽ 341600 രൂപയുടെ UC ലഭ്യമാക്കി ബാക്കി 8400രൂപ വിനിയോഗിച്ചിട്ടില്ലെങ്കിൽ തിരിച്ചടക്കേണ്ടതാണ്
	"	എടവിലങ്ങ്	6/18-19/19.7.18	300000
	"	എറിയാട്	6/18-19/19.7.18	250000
2	29/19 -പൂരക പോഷകാഹാരം	എറിയാട്	7/18-19/19.7.18	500000
	"	എടവിലങ്ങ്	17/18-19/19.7.18	250000
		പെരിഞ്ഞനം	8/18-19/24.7.18	400000/- രൂപയിൽ 384192/- രൂപയുടെ UC ലഭ്യമാക്കി ബാക്കി 15808/- രൂപ വിനിയോഗിച്ചിട്ടില്ലെങ്കിൽ തിരിച്ചടക്കേണ്ടതാണ്
3	178/19 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ (വികസന ഫണ്ട് ജനറൽ)	എസ്.എൻ.പുരം (പദ്ധതി നം 79/19)	15/18-19 28.3.2019	300000
	ആകെ			16,24,208

പദ്ധതിക്കായി തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3) പ്രൊജക്ട് നം 46/19 -മതിലകം, കൊടുങ്ങല്ലൂർ ICDS ഓഫീസുകളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകൽ

അടങ്കൽ –രണ്ടു ലക്ഷം

ചെലവ് –198012/-

Keltron -IT Business group (KSEDC) യുമായി കരാർ വെക്കാതെ advance payment ആയി 198012/- രൂപ ബിൽ നം 12/18-19 dt 23/1/2019 പ്രകാരം കൈമാറിയതായി കാണുന്നു. എന്നാൽ ടി തുകക്ക് കെൽട്രോണിൽ നിന്ന് കൈപ്പറ്റ് രസീത്, എഗ്രിമെന്റ് എഴുതിയത് എന്നിവ സൂക്ഷിച്ചിട്ടില്ല. 31.03.2019 ലെ ഡെലിവറി ചലാൻ 18292 നമ്പർ പ്രകാരം 4 UPS കൾ മാത്രമാണ് കൈമാറിയിട്ടുള്ളത്. ബാക്കി 4 desktop, 2 Scanner, 4 printer എന്നിവ 17.7.19, 18.7.19, 28.9.19 തീയതികളിൽ കൈപ്പറ്റിയതായി കാണുന്നു. Keltron- Invoice പ്രകാരം ഡെലിവറി ചെയ്ത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തത് സംബന്ധിച്ച് സ്റ്റോക്ക് എൻട്രി സർട്ടിഫൈ ചെയ്തിട്ടില്ല, സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

Keltron, StarOne IT Solutions (India) Pvt Ltd, Kochi എന്ന സ്ഥാപനത്തിൽനിന്നു വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഇതു സംബന്ധിച്ച് Keltron നു order നൽകിയ കത്ത് ലഭ്യമാക്കിയിട്ടില്ല. order നൽകുന്നതിനു മുൻപ് advance payment നടത്തുവാൻ പാടുള്ളതല്ല.

മതിലകം ICDS ലേക്ക് ഉപകരണങ്ങൾ കൈമാറിയതിനു കൈപ്പറ്റ് രേഖയില്ല (99006/- രൂപയുടെ സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല)

4) സുശാന്തം -വയോജനക്ഷേമകേന്ദ്ര പ്രവർത്തനം-ബ്ലോക്ക് വിഹിതം നൽകൽ

ബിൽ നം –10/18-19, dt 19.11.18, തുക –1,00,000/-

ജില്ല പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറിയതായി കൈപ്പറ്റ് വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ജില്ല പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നു ഇതുവരെ ലഭിച്ചിട്ടില്ല.

5) ഭിന്നലിംഗക്കാർക്ക് ക്ഷേമപ്രവർത്തനങ്ങൾ-പ്രോജക്ട് നം-3/19

അടങ്കൽ –5 ലക്ഷം, പദ്ധതി നടപ്പിലാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയിട്ടില്ല (അന്വേഷണം 11/20.12.2019)

1-10 മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നടപ്പാക്കിയ പദ്ധതികൾ -അപാകതകൾ

മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നടപ്പാക്കിയ വിവിധ പദ്ധതികളിൽ താഴെ പറയും പ്രകാരം അപാകതകളുണ്ട്.

1. ഡെന്റൽ അസിസ്റ്റന്റിന് വേതനം:-നിയമനം സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തുമായി ഏർപ്പെട്ട കരാർ ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നം. 99/19 പ്രകാരം പെരിഞ്ഞനം സി.എച്ച്.സി.യിൽ 10.09.2018 മുതൽ താൽക്കാലികാടിസ്ഥാനത്തിൽ ഡെന്റൽ അസിസ്റ്റന്റിനെ നിയമിച്ച് തനതു ഫണ്ടിൽ നിന്നും പ്രതിമാസ 11620 രൂപ നിരക്കിൽ വേതനം നൽകിയ ഇനത്തിൽ 77854 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി നിയമനം സംബന്ധിച്ച് ഡെന്റൽ അസിസ്റ്റന്റ് ബ്ലോക്ക് പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ കരാർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2 പെരിഞ്ഞനം സി.എച്ച്.സി.യിൽ സോളാർ പാനൽ സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം നേടിയില്ല. തുടർ നടപടി സ്വീകരിക്കണം.

പെരിഞ്ഞനം സി.എച്ച്.സി.യിൽ സോളാർ പാനൽ സ്ഥാപിക്കൽ - പദ്ധതി നം. 12/19പ്രകാരം 7,54,600 രൂപ ബിൽ നം. 10/18-19/23.2.19 പ്രകാരം അനർട്ടിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ സോളാർ പ്ലാന്റ് സ്ഥാപിച്ചിട്ടില്ല. പ്രവൃത്തി നടപ്പാക്കാനാവശ്യപ്പെട്ട് എല്ലാ മാസവും അനർട്ടിന് കത്തു നൽകിയിട്ടുണ്ട്. എന്നാൽ കരാറിലെ വ്യവസ്ഥകൾ പാലിക്കാത്തതിനെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

6.3.19 ന് അനർട്ടുമായി മെഡിക്കൽ ഓഫീസർ ഏർപ്പെട്ട കരാർ പ്രകാരം ആറ് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് ഒരു മാസത്തിനകം പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. കരാറിലെ വ്യവസ്ഥ 14 പ്രകാരം പ്ലാന്റ് സ്ഥാപിക്കുന്നതിന് അനർട്ടിന് കഴിയാതിരുന്നാൽ ഡെപ്പോസിറ്റ് തുക ദേശസാൽകൃത ബാങ്ക് പലിശ സഹിതം തിരികെ നൽകണം. എന്നാൽ ഇത്തരം വ്യവസ്ഥകൾ അനർട്ട് പാലിച്ചിട്ടില്ല. പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച കത്തിടപാടുകളിൽ 25 വർഷ പെർഫോമൻസ് വാറണ്ടിയും പ്ലാന്റിന് 5 വർഷ കംപ്ലീറ്റ് വാറണ്ടിയും പ്ലാന്റിനുണ്ടായിരിക്കുമെന്നും, 10 വർഷം വരെ 90% ക്ഷമതയും, 10മുതൽ 15 വർഷം വരെ 80% ക്ഷമതയും ഉണ്ടാകുമെന്നും അനർട്ട് അറിയിച്ചിരുന്നുവെങ്കിലും സോളാർ പ്ലാന്റിന്റെ വാറണ്ടി കാലയളവ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ കരാറിൽ ഇല്ല. ആയതിനാൽ തുക നിക്ഷേപിക്കുന്നതിന് മുൻപായി അനർട്ട് അറിയിച്ചതു പ്രകാരമുള്ള വ്യവസ്ഥകൾ ചേർത്ത് കരാർ പുതുക്കേണ്ടതും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള 6മാസ കാലയളവിനു ശേഷം പ്ലാന്റ് സ്ഥാപിക്കാൻ വൈകുന്ന കാലയളവിലേക്ക് ദേശ സാൽകൃത ബാങ്ക് നിരക്കിൽ പലിശ കണക്കാക്കി അനർട്ടിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്. സോളാർ പ്ലാന്റ് സമയബന്ധിതമായി സ്ഥാപിക്കുന്നതിനാവശ്യമായ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3. KMSCLൽ നിന്നും മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

പ്രോജക്ട് നം. 9/19,10/19 എന്നിവ പ്രകാരം പെരിഞ്ഞനം, മാടവന സി.എച്ച്.സി.കളിലേക്ക് KMSCL ൽ നിന്നും മരുന്ന വാങ്ങുന്നതിന് ബിൽ നം. 4/18-19/28.11.19 പ്രകാരം 2 ലക്ഷം രൂപയും, ബിൽ നം. 6/18-19/31.12.18 പ്രകാരം ഒരു ലക്ഷം രൂപയും നൽകിയിട്ടുണ്ട്. എന്നാൽ (45318+16486=61804) 61804 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.

കൂടാതെ പ്രോജക്ട് നം. 98/19 പ്രകാരം സാന്ത്വന പരിചരണം(ബ്ലോക്ക് ലെവൽ സെക്കൻഡറി പാലിയേറ്റീവ് കെയർ) പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ബിൽ നം. 3/18-19/17.11.18 ആയി 7 ലക്ഷം രൂപ പ്രോഫോർമ ഇൻവോയ്സ് നം. 1842/23.10.18ന്റെ അടിസ്ഥാനത്തിൽ KMSCL തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4. പ്രോജക്ട് നം. 169/19 പ്രകാരം പെരിഞ്ഞനം സി.എച്ച്.സി.യിലേക്ക് ഫർണീച്ചർ വാങ്ങിയതിന് 99850 രൂപ ചെലവഴിച്ച് കാണുന്നു. ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ച മേൽ പദ്ധതിയുടെ പർച്ചെയ്സിന് പർച്ചേയ്സിംഗ് കമ്മിറ്റി, ഭരണ സമിതി എന്നിവർ അംഗീകാരം നൽകിയതായി കാണുന്നില്ല. അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ മേൽ തീരുമാനങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കേണ്ടതാണ്.

5.ക്യാൻസർ ക്യാമ്പ്-വിദഗ്ദ ഡോക്ടർ മാരുടെ സേവനം ലഭ്യമാക്കിയില്ല.

പ്രോജക്ട് നം.137/19 പ്രകാരം സ്പിൽ ഓവറായി ക്യാൻസർ ക്യാമ്പ് നടത്തിയതിന് ബിൽ നം. 9/18-19/28.1.19 പ്രകാരം 175710 രൂപയും ബിൽ നം. 15/18-19/16.2.19 പ്രകാരം 47810 രൂപയും കൂടി ആകെ 223520 രൂപ ചെലവഴിച്ചിട്ടുണ്ട്. ക്യാമ്പിൽ 542 പേർ പങ്കെടുത്തതായും 441 പേരുടെ സാമ്പിളുകൾ പരിശോധിച്ചതിൽ പുതിയ രോഗികളെ കണ്ടെത്താൻ കഴിഞ്ഞില്ലായെന്നും മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ഫയലിലുണ്ട്. ക്യാമ്പ് നടത്തിയതിലും പരിശീലനം നൽകിയതിലും വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉണ്ടായിരുന്നില്ല. (റേഡിയോ തെറാപ്പി, ഓൺകോളജിസ്റ്റ് etc.) വിവിധ ഗ്രണഭോക്താക്കൾക്ക് രക്ത പരിശോധന നടത്തിയതിന് മാ കെയർ വലപ്പാട് എന്ന സ്ഥാപനത്തിന് 89460 രൂപ നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തെ തെരഞ്ഞടുത്തതിന്റെയും കമ്മിറ്റി അംഗീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ക്യാമ്പിൽ പങ്കെടുത്ത ഗ്രണഭോക്താക്കൾക്ക് ക്യാൻസർ രോഗവുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്ക്രീനിഗ് ടെസ്റ്റുകളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും ഇതുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജ് ഓങ്കോളജി സ്പെഷലിസ്റ്റ്മാരുടെ സേവനം ലഭ്യമാക്കുന്നത് സംബന്ധിച്ച് കത്തിടപാടുകൾ നടത്തിയതിന്റെ വിവരം എന്നിവ ഫയലിൽ ഇല്ല. ബ്ലോക്ക് പഞ്ചായത്ത് ഇത്രയും വലിയ തുക ചെലവഴിച്ച് മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടും പുതിയ രോഗികളെ കണ്ടെത്താൻ കഴിയാതിരുന്നത് അനുയോജ്യമായ സ്ക്രീനിംഗ് ടെസ്റ്റുകൾ, വിദഗ്ധരായ ഡോക്ടർമാരുടെ അഭാവം എന്നിവ മൂലമായിരുന്നുവെന്ന് അനുമാനിക്കാവുന്നതാണ്. ഇത്തരം പദ്ധതികൾ നിർവ്വഹിക്കുമ്പോൾ ആവശ്യമായ മുന്നൊരുക്കങ്ങളും ആസൂത്രണവും ഉറപ്പു വരുത്തേണ്ടതാണ്.

6. മാടവന സി.എച്ച്.സി. ക്ക് കമ്പോർഡ് സ്ഥാപിക്കൽ- ഫർണീച്ചർ ലഭിച്ചതിന്റെ വിവരം ലഭ്യമല്ല. പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് ഉറപ്പാക്കണം.

പ്രോജക്ട് നം. 168/19 പ്രകാരം സി.എച്ച്.സി.മാടവനയ്ക്ക് കമ്പോർഡ് സ്ഥാപിക്കുന്നതിന് എഫ്.ഐ.ടി. ആലുവയുടെ പ്രോഫോർമ ഇൻവോയ്സ് പ്രകാരം 193062 രൂപ ബിൽ നം. 18/18-19/27.3.19 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ കമ്പോർഡുകൾ ലഭിച്ചതിന്റെ പർച്ചേയ്സ്

ബില്ലുകൾ, സ്റ്റോക്ക് എൻട്രി എന്നിവ ഫയലിൽ ഇല്ല. ഫർണീച്ചറുകൾ ലഭിച്ചതിന്റെ വിവരം ഫയലിൽ ഇല്ല. പദ്ധതി നിർവ്വഹണത്തിൽ ആവശ്യമായ ഇടപെടൽ, മോണിറ്ററിംഗ് എന്നിവ ഉറപ്പാക്കണം.

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികളിൽ ഒന്നിലും പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ടുകൾ, വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല. ഇതേ രീതിയിൽ പദ്ധതി ആസൂത്രണം സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് എന്നിവയും ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 9/20.12.2019)

1-11 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുൾപ്പെടുന്ന വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് സംയുക്ത പദ്ധതികളുടെ നടത്തിപ്പിനായി തുക നൽകിയിട്ടുണ്ടെങ്കിലും ടി തുകകൾ പൂർണ്ണമായി വിനിയോഗിച്ചതിന്റെ രേഖകൾ, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട് നം, പേര്	ബിൽ നം./ തിയതി.	നൽകിയ തുക	ചെലവഴിച്ച തുക	ബാക്കി	കുറിപ്പുകൾ
1	48/19-ഐ.കെ.എം.വിഹിതം	Bill No. 11/2018-19 Dt. 21.06.18	62374	0	62374	കൈപ്പറ്റ് രസീതി മാത്രമാണ് ഫയലിലുള്ളത്.
2	49/19-എടവിലങ്ങ് ഗ്രാ.പ.മാലിന്യ സംസ്കരണം.ഗ്യാപ് ഫണ്ട്	Bill. No. 27/2018-19 Dt. 19.07.18	75000	0	75000	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
3	58/19-കയ്പമംഗലം ഗ്രാ.പ. ഐ.എച്ച്.ഡി.പി. കോളനി കുടിവെള്ള പദ്ധതി	Bill No. 20/2018-19 Dt. 10.07.2018	260000	0	260000	KWA യുടെ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.
4	60/19-പെരിഞ്ഞനം. ഗ്രാ.പ. എസ്.പി.കോളനി കുടിവെള്ള പദ്ധതി	Bill No,. 21/2018-19 Dt. 10.07.2018	290000	0	290000	,,

5	65/19-മതിലകം ഗ്രാ.പ.-താലം താമരക്കുളം കഴുവിലങ്ങ് ടെമ്പിൾ റോഡ് ടാറിംഗ്	Bill No. 25/2018-19 Dt. 18.07.2019	300000	0	300000	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
6	67/19-എടത്തിരുത്തി ഗ്രാ.പ.-ഉപ്പുരുത്തി-എടത്തിരുത്തി റോഡ് റീ ടാറിംഗ്	28/2018-19 Dt. 19.07.18	300000	0	300000	,,
7	69/19-എടവിലങ്ങ് ഗ്രാ.പ.-മുഹമ്മദ് അബ്ദുറഹിമാൻ റോഡ് ഫോർമേഷൻ	62/2018-19 Dt. 14.11.18	600000	0	600000	,,
8	70/19-കയ്പമംഗലം ഗ്രാ.പ.-പള്ളിനട അഞ്ചോടി ഈസ്റ്റ് ചെന്ത്രാപിന്നി റോഡ്	63/2018-19 Dt. 19.11.18	300000	0	300000	,,
9	72/19-മതിലകം ഗ്രാ.പ.-പള്ളത്ത് ബാലവാടി റോഡ്	52/2018-19 Dt. 15.10.18	300000	0	300000	,,
10	153/18-എടത്തിരുത്തി ഗ്രാ.പ.-ചെങ്കനാൽ റോഡിനു വിഹിതം	65/2018-19 Dt. 14.11.18	500000	0	500000	,,
11	154/19എറിയാട് ഗ്രാ.പ.-കടമ്പോട്ട് റോഡിനു വിഹിതം	79/18-19/31.12.18	6000000	0	6000000	,,
12	163/19-മതിലകം ഗ്രാ.പ.-കിഴക്കും പുറം മിച്ചഭൂമി കോളനി സ്ലൂയിസ് നിർമ്മാണം	70/2018-19 Dt. 21.11.18	300000	0	300000	,,
13	167/19-മതിലകം ഗ്രാ.പ.-കലാഭവൻ മണി സാംസ്കാരിക നിലയം-ചുറ്റുമതിൽ നിർമ്മാണം	73/18-19 Dt. 21.11.18	300000	290317	9683	ബാക്കി തുകയുടെ വിവരം ലഭ്യമല്ല.
14	174/19-എറിയാട്		600000	561337	38663	ബാക്കി തുകയുടെ

	ഗ്രാ.പ.-ജവാൻ ലിങ്ക് റോഡ്	90/2018-19 Dt. 28.02.19				വിവരം ലഭ്യമല്ല.
15	175/19-പെരിഞ്ഞനം ഗ്രാ.പ.-പൊൻമാനിക്കുടം മുനയം റോഡ് മെറ്റലിംഗ്	95/2018-19 Dt. 10.03.2019	300000	0	300000	വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.
16	176/19-മതിലകം ഗ്രാ.പ.-ഇ.വി.ജി. അംഗൻവാടി റോഡ് സൈഡ് പ്രൊട്ടക്ഷൻ & ടാറിംഗ്	92/2018-19 Dt. 28.02.2019	300000	287587	12412	ബാക്കി തുകയുടെ വിവരം ലഭ്യമല്ല.
17	151/19&177/19-ലൈഫ് പദ്ധതി എസ്.സി.	55/2018-19 Dt. 16.10.18 & 91/2018-19 Dt. 28.02.19				
	കയ്പമംഗലം ഗ്രാ.പ.	,,	835169	0	835169	വിനിയോഗ വിവരം ലഭ്യമല്ല.
	എടവിലങ്ങ് ഗ്രാ.പ.	,,	100000	0	100000	,,
	മതിലകം ഗ്രാ.പ	,,	1221290	1123000	98290	ബാക്കി തുകയുടെ വിവരം ലഭ്യമല്ല.
	എസ്.എൻ.പുരം ഗ്രാ.പ.	,,	2342250	1237250	1105000	ബാക്കി തുകയുടെ വിവരം ലഭ്യമല്ല.
	ആകെ		15286083	3499491	11786592	

വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് സംയുക്ത പദ്ധതി പ്രകാരം 15286083 രൂപ നൽകിയതിൽ 11786592 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. സംയുക്ത പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഗ്രാമപഞ്ചായത്തുമായി ബ്ലോക്ക് പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടു കാണുന്നില്ല. പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗ്, കംപ്ലീഷൻ റിപ്പോർട്ടുകൾ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-12 മരാമത്ത് പ്രവൃത്തികളുടെ

നിർവ്വഹണം

സാമ്പത്തികവർഷം അസി.എക്സി.എൻജിനീയർ 3912025രൂപ അടങ്കലിൽ രണ്ട് പ്രൊജക്ടുകളുടെ നിർവ്വഹണമാണ നടത്തിയത്. ഈ രണ്ട് പ്രൊജക്ടുകൾ പൂർത്തീകരിക്കുകയും 3844135 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.അസി.എൻജിനീയർ 14617567 രൂപയുടെ അടങ്കലിൽ 26 പ്രൊജക്ടുകൾ ആവിഷ്കരിച്ചതിൽ 17 പ്രൊജക്ടുകൾക്ക് വേണ്ടി 8176567 രൂപ ചെലവഴിച്ചിട്ടുണ്ട്.പരമാവധി മുഴുവൻ പദ്ധതികൾക്കും തുക ചെലവഴിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-13 പുതിയകാവ് മരപ്പാലം റോഡ് -എറിയാട് ഗ്രാമപഞ്ചായത്തിന് പ്രയോജനം ലഭിച്ചിട്ടില്ല

മതിലകം ബ്ളോക്ക് പഞ്ചായത്ത് പരിധിയിലുള്ള മതിലകം, ശ്രീനാരായണപുരം, എറിയാട് ഗ്രാമപഞ്ചായത്തുകളെ യോജിപ്പിക്കുന്ന മതിലകം ഗ്രാമപഞ്ചായത്തിലെ പുതിയകാവ് മുതൽ എറിയാട് ഗ്രാമപഞ്ചായത്തിലെ മരപ്പാലം വരെയുള്ള റോഡ് വീതിക്കൂട്ടുന്നതിന്റെ ഭാഗമായി 2016-17 ൽ പ്രൊജക്ട് നം. 51/17 ആയി പ്ളാൻഫണ്ട് 608923/- രൂപ തനത്ഫണ്ട് 991077/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതം 1500000/- രൂപ എന്നിവ വകയിരുത്തി 3100000 രൂപ അടങ്കലിൽ പ്രൊജക്ട് ആവിഷ്കരിക്കുകയും കെ.എ.ഷിഹാബ് എന്ന കരാറുകാരൻ 28/3/17ൽ 3069183 രൂപക്ക് മതിലകം ഗ്രാമപഞ്ചായത്തിലെ പുതിയകാവ് മുതൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ പോഴങ്കാവ് വരെയുള്ള 1631 മീറ്റർ റോഡ് വീതിക്കൂട്ടുകയും ടാറിങ് മോശമായഭാഗങ്ങളിൽ റീടാറിങ് നടത്തുകയും ചെയ്തു. ഇതിനായി മൂന്ന് ഗ്രാമപഞ്ചായത്തുകളിൽനിന്നും അഞ്ചു ലക്ഷം രൂപവീതം 2016-17 ൽ ലഭിക്കുകയും ചെയ്തിരുന്നു. ഇതിന്റെ തുടർച്ചയായി 2018-19ൽ പ്രൊജക്ട് നം. 129/19 ആയി ഇരുപത് ലക്ഷം രൂപ പ്ളാൻഫണ്ട് വകയിരുത്തി പാപ്പിനിവട്ടം-മരപ്പാലം റോഡ് വീതിക്കൂട്ടൽ എന്ന പ്രൊജക്ട് ആവിഷ്കരിക്കുകയും സാബിക് വെള്ളക്കാട്ടുപടിക്കൽ എന്ന കരാറുകാരൻ 1700455/- രൂപക്ക് പോഴങ്കാവ് മുതൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ മുള്ളൻബസാർ വരെയുള്ള 1002 മീറ്റർ റോഡ് വീതിക്കൂട്ടുകയും റീടാറിങ് ആവശ്യമായിടത്ത് നടത്തുകയും ചെയ്ത് 12/1/19 ന് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി 2019-20 ൽ പ്രൊജക്ട് ആവിഷ്കരിക്കാത്തതിനാൽ എറിയാട് ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടില്ല. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം എറിയാട് ഗ്രാമപഞ്ചായത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. എറിയാട് ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്കു പദ്ധതിപ്രയോജനം ലഭിക്കുന്നതിനുവേണ്ടി എത്രയും വേഗം പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

1-14 വേക്കോട് ഇൻഡസ്ട്രിയൽ കെട്ടിടങ്ങൾ

ഉപയുക്തമാക്കേണ്ടതാണ്

സാമ്പത്തികവർഷം പ്രൊജക്ട് നം.39/19 ആയി 1500000/- രൂപ ജനറൽ ഫണ്ട് വകയിരുത്തി വേക്കോട് എന്ന സ്ഥലത്ത് 1412484/- രൂപ ചെലവിൽ നിലവിലെ കെട്ടിടത്തിൽ ഒന്നാം നിലയുടെ സിവിൽ പ്രവൃത്തി നടത്തുകയുണ്ടായി. കൂടാതെ 66/19 എന്ന പ്രൊജക്ട് പ്രകാരം പത്ത് ലക്ഷം രൂപ എസ്.സി.പി ഫണ്ട് വകയിരുത്തി 907982/- രൂപക്ക് നിലവിലുള്ള എസ്.സി.പി കെട്ടിടത്തിൽ മൂന്നാം നിലയുടെ സിവിൽ പ്രവൃത്തി നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 59/19 നം. പ്രൊജക്ട് പ്രകാരം 432672/- രൂപ ചെലവിൽ ഇന്റസ്ട്രിയൽ എസ്റ്റേറ്റിനുള്ളിലെ റോഡ് വീതികൂട്ടുകയും ഇന്റർലോക്കിങ് ടൈൽ ഉപയോഗിച്ച് നടപ്പാത ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഈ രണ്ട് കെട്ടിടങ്ങളിലും വൈദ്യുതീകരണം നടത്താത്തതിനാൽ വ്യവസായസംരംഭകർക്കായി തുറന്നുകൊടുക്കാൻ കഴിഞ്ഞിട്ടില്ല.

എത്രയും വേഗത്തിൽ കെട്ടിടങ്ങളുടെ വൈദ്യുതീകരണം നടത്തി വ്യവസായ സംരംഭകർക്ക് തുറന്നുകൊടുത്ത് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി വർദ്ധിപ്പിക്കുന്ന തരത്തിൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

1-15 ആഗ്രോ സർവീസ് സെന്ററിന് വേണ്ടി സംഭരണശാലനിർമ്മാണം-പാരപ്പറ്റ് പണി പൂർത്തീകരിച്ചിട്ടില്ല

സാമ്പത്തികവർഷം പൊതുവിഭാഗം പ്ലാൻഫണ്ട് ഉപയോഗിച്ച് 2144090 രൂപ ചെലവിൽ ആഗ്രോ സർവീസ് സെന്ററിനുവേണ്ടി ഒരു സംഭരണശാല പണികഴിപ്പിച്ചിട്ടുണ്ട്. കാർഷിക ഉപകരണങ്ങൾ വളങ്ങൾ എന്നിവ ഇവിടെ സൂക്ഷിച്ചുവെക്കുന്നുണ്ട്. സംഭരണശാലയുടെ പിൻവശത്തെ പാരപ്പറ്റ് പണി പൂർത്തീകരിക്കാതെയാണ് എക്സ്ട്രാ ഇനം 2 ആയി സംഭരണശാലാമുറിയിലും റാംപിലുമായി ഡിസൈനർ ടൈൽ പതിപ്പിച്ചിട്ടുള്ളത്. സംഭരണശാലയിൽ ഒരു ബുൾ ആഗ്രോ ടോട്ടറി ടില്ലർ സൂക്ഷിച്ചിട്ടുണ്ട്. ഇതാകട്ടെ സംഭരണശാലയിലേക്ക് പ്രവേശിക്കുന്നതിനെ തുടർന്ന് റാമ്പിൽ പതിച്ചിട്ടുള്ള ഡിസൈനർ ടൈലുകൾക്ക് കേടുപാടുകളും സംഭവിച്ചിട്ടുണ്ട്. റാമ്പിന് കുറച്ചുകൂടി വിസ്തൃതി ഉണ്ടായിരുന്നുവെങ്കിൽ ഇത് സംഭവിക്കുകയുമില്ലായിരുന്നു.

പാരപ്പറ്റ് പണി പൂർത്തീകരിക്കേണ്ടതും ഡിസൈനർ ടൈലുകൾക്ക് സംഭവിച്ച കേടുപാടുകൾ പരിഹരിക്കേണ്ടതുമാണ്.

1-16 ക്ഷീരവികസനഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ-വിനിയോഗവിവരം, തിരിച്ചടച്ചതിന്റെ വിവരം എന്നിവ ഇല്ല

1. പ്രൊജക്ട് നം-171/19. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക്

സബ്സിഡി-വിഹിതം നൽകൽ

അടങ്കൽ തുക –2200000/-,
ബിൽ നം. 1/18-19/22/7/18, തുക – 2200000/- രൂപ

വിനിയോഗവിവരം ലഭ്യമാക്കാത്ത പഞ്ചായത്തുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്ത്	നൽകിയ തുക
എടത്തിരുത്തി	200000
പെരിഞ്ഞനം	300000
എറിയാട്	300000
ആകെ	800000

കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന് നൽകിയ തുകയിൽ 6540/- രൂപ ഇനിയും തിരിച്ചടക്കാനുണ്ട്. ആയത് തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-17 കന്നുകുട്ടിപരിപാലനം-വിനിയോഗവിവരം ലഭ്യമായിട്ടില്ല

കന്നുകുട്ടി പരിപാലനം – വിഹിതം നൽകൽ – വിനിയോഗവിവരം ലഭ്യമാക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ വിവരം ചുവടെ കൊടുക്കുന്നു.
പ്രൊജക്ട് നം.18/19
ബിൽ നം.2/18-19-1006250/- രൂപ, 3/18-19-200000/- രൂപ, മൊത്തം ചെലവ് 1206250 രൂപ

ഗ്രാമപഞ്ചായത്ത്	നൽകിയ തുക
എടത്തിരുത്തി	100000
പെരിഞ്ഞനം	156250
എടവിലങ്ങ്	150000
മതിലകം	200000
ആകെ	606250

1-18 സെൻട്രലി സ്പോൺസേഡ് സ്കീം

സെൻട്രലി സ്പോൺസേഡ് സ്കീം-ഗ്രാമ, ജില്ലാ പഞ്ചായത്തുകളുടെ ഇനം തിരിച്ചുള്ള നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല.

ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കിയ പ്രൊഫോർമ പ്രകാരം മേൽപറഞ്ഞവയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് 17/11.12.19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഈ രണ്ട് വിഹിതവും ഒരു അക്കൗണ്ടിൽ സൂക്ഷിച്ച്

ചെലവഴിക്കുന്നതിനാൽ ഇവയുടെ നീക്കിയിരിപ്പ് വിവരങ്ങൾ പ്രത്യേകം ലഭ്യമല്ല എന്നാണ് അറിയിച്ചത്.

1-19 വൃദ്ധസദനം പോലീസ് സ്റ്റേഷനായി പ്രവർത്തിക്കാൻ തുടർച്ചാനുമതി

കൈപ്പംഗലം ഗ്രാമപഞ്ചായത്തിലെ കുരിക്കുഴി എന്ന സ്ഥലത്ത് വർഷങ്ങളോളം നിഷ്ക്രിയാസ്തിയായി കിടന്നിരുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന വൃദ്ധസദനം പോലീസ് സ്റ്റേഷനായി ഒരു വർഷം പ്രവർത്തിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചതായി മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. തുടർന്ന് 30/9/19 ലെ ജി.ഒ.(ആർ.റ്റി)2133/19/LSGD നം.ഉത്തരവ് പ്രകാരം പ്രസ്തുത കെട്ടിടം മൂന്നു വർഷത്തേക്കുകൂടി പോലീസ് സ്റ്റേഷനായി പ്രവർത്തിക്കുന്നതിനുള്ള തുടർച്ചാനുമതി നൽകി. ബഹു.കൈപ്പമംഗലം എം.എൽ.എ ശ്രീ.ഇ.ടി.ടൈസൻ മാസ്റ്ററുടെ അഭ്യർഥനയെ തുടർന്നാണിത്. വർഷങ്ങളോളം നിഷ്ക്രിയാസ്തിയായി കിടന്നിരുന്ന കെട്ടിടം സർക്കാർ ഉത്തരവിലൂടെ ഉപയോഗപ്രദമായത് ശ്രദ്ധേയമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

• •

ഇല്ല

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

• •

ഇല്ല

ഭാഗം -4

പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (മുന്നിരിപ്പുസഹിതം)	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ് (ബാങ്ക് പലിശ സഹിതം)
കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്	2018-19	300000	കാള മുറി തൈവെപ്പു road റീടാറിങ്	295650	4350

നീക്കിയിരിപ്പ് തുക സ്ഥാപനം ലഭ്യമാക്കിയ വാർഷിക കണക്കുകളിലെ B4 പട്ടികയുമായി പൊരുത്തപ്പെടുന്നില്ല. ഈ പട്ടിക പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായി 10168599/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 8399334/- രൂപയും നീക്കിയിരിപ്പ് ഉണ്ട്. ആയതിന്റെ വ്യക്തമായ കണക്കുകൾ തയ്യാറാക്കി ആധികാരികമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ	പ്രവൃത്തിയുടെ	വൗച്ചർ	മുൻകൂർ	ചെലവഴിച്ച	പൂർത്തികരിച്ച	ചെലവഴിക്കാൻ

ഏജൻസി	പേര്	നമ്പർ/ ചെക്ക് നം.	നൽകിയ തുക	തുക	വിവരം	ബാക്കിയുള്ള തുക
കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട	കൈപ്പമംഗലം ഗ്രാമ പഞ്ചായത്തിന്റെ IHDP കോളനി കുടിവെള്ള പദ്ധതി	വിവരം ലഭ്യമല്ല	260000	260000	പൂർത്തീകരിച്ചു	NIL
	പെരിഞ്ഞനം ഗ്രാമ പഞ്ചായത്തിലെ എസ് സി പി കോളനി കുടിവെള്ള പദ്ധതി		290000	290000	പൂർത്തീകരിച്ചു	NIL
അനെർട്ട് തൃശ്ശൂർ	പെരിഞ്ഞനം സൗരോർജ്ജ വൈദുതി പാനൽ സജ്ജീകരണം	-	754600	-	ടെണ്ടർ നടപടി കഴിഞ്ഞു വർക്ക് തുടങ്ങിയിട്ടില്ല	

അനർട്ടിനു നൽകി ചെലവഴിക്കാത്ത തുക വാർഷിക കണക്കിലെ B-18 പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. വാർഷിക കണക്കു പ്രകാരം KSEB ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന 444 രൂപ സ്ഥാപനം ലഭ്യമാക്കിയ വിശദാംശങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. ആയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥാപനം ലഭ്യമാക്കിയ വാർഷിക കണക്കുകളുടെ ബാലൻസ് ഷീറ്റ് B-12 പട്ടിക പ്രകാരം 201698/- രൂപയുടെ സ്ഥിര നിക്ഷേപമുണ്ട്. ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക്

ലഭ്യമാക്കിയിട്ടില്ല.

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1997	3-4	2006-07	-	അറവുശാല സ്ഥലം വാങ്ങിയത് സംബന്ധിച്ച്	പരാമർശം നിലനിൽക്കുന്നു
2001-02	3-10	2006-07	-	മതിലകം മാർക്കറ്റ് നിർമ്മാണം	പരാമർശം നിലനിൽക്കുന്നു
2002-03	3-5	2006-07	-	റോഡ് റോളർ പദ്ധതി ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാത്തത് സംബന്ധിച്ച	പരാമർശം നിലനിൽക്കുന്നു
2010-11	2-3	-	-	റോഡ് റോളർ കേടായി കിടക്കുന്നത് സംബന്ധിച്ച്	പരാമർശം നിലനിൽക്കുന്നു
2010-11	3-2	-	-	അംഗൻവാടികളോടനുബന്ധിച്ച് വൃദ്ധർക്ക് വിശ്രമ കേന്ദ്രം	പരാമർശം നിലനിൽക്കുന്നു
2010-11	3-11	-	-	റബ്ബറധിഷ്ഠിത വ്യവസായം - പ്രവർത്തനരഹിതം വിശദീകരണം	പരാമർശം നിലനിൽക്കുന്നു

4-7(i)ചാർജ്ജ് സർചാർജ്ജ്

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	8,95,42,471
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	9,52,71,944
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	535683

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-8(4)	484370	ശ്രീ മുഹമ്മദ് ഇസ്മയിൽ എം എച്ച്,ADA,മതിലകം
	51313	ശ്രീമതി.ജ്യോതി പി ബിന്ദു,ADA,മതിലകം
ആകെ	535683	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1995-96 മുതൽ 98-99 വരെ	എൽ.എഫ്.ടി.19-861/06/ 12.10.06/28.2.07
1999-2000	എൽ.എഫ്.ടി.12-851/06/12.10.06
2000-01	എൽ.എഫ്.ടി.12-850/06/12.10.06/28.2.07
2001-02	എൽ.എഫ്.ടി.12-849/06/31.10.06/1.3.07
2002-03	എൽ.എഫ്.ടി.21-2569/07/25.11.2008
2003-04	എൽ.എഫ്.ടി.21-2568/07/25.11.08
2004-05	എൽ.എഫ്.ടി.21-2567/07/25.11.08
2005-06	എൽ.എഫ്.ടി.21-795/09/22.5.10
2006-07	എൽ.എഫ്.ടി.21-796/09/22.5.10/3.12.10
2007-08	എൽ.എഫ്.ടി.21-67/12/28.5.12/5.9.12
2008-09	എൽ.എഫ്.ടി.21-68/12/28.5.12/5.9.12
2009-10	എൽ.എഫ്.ടി.21-69/12/28.5.12/5.9.12
2010-11	എൽ.എഫ്.ടി.21-69/12/28.5.12/5.9.12
2011-12	എൽ.എഫ്.ടി.(ബി.പി)222/13/1.8.13/4.11.13
2012-13	എൽ.എഫ്.ടി.(ബി.പി)1025/2014/8.10.14/3.12.14
2013-14	കെ.എസ്.എ-ടി.എസ്.ആർ (ബി.പി2)31/16/8.01.2016
2014-15,2015-16	കെ.എസ്.എ-ടി.എസ്.ആർ (ബി.പി2)662/2017/2.06.17/12.6.17
2016-17	കെ.എസ്.എ-ടി.എസ്.ആർ (ബി.പി2)1743/2017/8.12.17
2017-18	കെ.എസ്.എ-ടി.എസ്.ആർ (ബി.പി2)52/2019/26.3.2019

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ബാലൻസ് ഷീറ്റ്	സംക്ഷിപ്തം (Audited Abstract)

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ